# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512

## വാർത്താക്കുറിപ്പ്

**2023 ജൂലൈ 5**

- *തൊഴിൽ, ഗവേഷണ സാധ്യതകളുമായി എം.എസ്.സി*
- *പി.ജി ഡിപ്ലോമ, സർട്ടിഫിക്കറ്റ് കോഴ്സുകളും*

## മികവിൻറെ തിളക്കത്തോടെ പോളിമെർ സയൻസിൽ പുതിയ കോഴ്സുകളുമായി എം.ജി. സർവകലാശാല

പോളിമെർ സയൻസിൽ ഉന്നത പഠനത്തിനുള്ള രാജ്യത്തെ ഏറ്റവും മികച്ച സ്ഥാപനമായി യു.എസ് ന്യൂസ് റാങ്കിംഗിൽ തിരഞ്ഞെടുക്കപ്പെട്ട മഹാത്മാ ഗാന്ധി സർവകലാശാല ഈ മേഖലിയിൽ നൂതന കോഴ്സുകൾക്ക് തുടക്കം കുറിക്കുന്നു. പോളിമെർ സയൻസ് പഠന-ഗവേഷണ പ്രവർത്തനങ്ങൾക്കു മാത്രമായി ആരംഭിച്ച സ ്കൂൾ ഓഫ് പോളിമെർ സയൻസ് ആൻറ് ടെക്നോളജിയുടെ ആദ്യ ബാച്ചിൽ പഠിക്കാനാണ് ഇപ്പോൾ അവസരം.

മെയ് മാസത്തിൽ ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്ത കേന്ദ്രത്തിലെ പ്രധാന കോഴ്സ് എം.എസ്സി ഇൻഡസ്ട്രിയൽ പോളിമെർ സയൻസ് ആൻറ് ടെക്നോളജിയാണ്. രണ്ടു വർഷത്തെ കോഴ്സിൽ തിയറി ക്ലാസുകൾക്കു പുറമെ ലാബോറട്ടറി സെഷനുകൾ, റിസർച്ച് പ്രോജക്ടുകൾ, രാജ്യത്തും വിദേശത്തും വ്യവസായ സ്ഥാപനങ്ങളിലെ ഇൻറേൺഷിപ്പ് തുടങ്ങിയവയുമുണ്ട്.

കെമിസ്ട്രി, ലൈഫ് സയൻസസ്, കമ്പ്യൂട്ടർ സയൻസ്, ഫിസിക്സ്, മാത്തമാറ്റിക്സ് എന്നിവയിലോ ഏതെങ്കിലും അനുബന്ധ വിഷയങ്ങളിലോ 50 ശതമാനത്തിൽ കുറയാത്ത മാർക്കോടെ ബി.എസ്.സി ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. പോളിമെർ എൻജിനീയറിംഗ്, പോളിമെർ ടെക്നോളജി, നാനോ സയൻസ്, നാനോ ടെക്നോളജി, കെമിക്കൽ എൻജിനീയറിംഗ് കെമിക്കൽ ടെക്നോളജി, ഇലക്ട്രോണിക്സ് ആൻറ് കമ്യൂണിക്കേഷൻ, ബയോ ടെക്നോളജി, മെറ്റീരിയർ സയൻസ്, മെക്കാനിക്കൽ എന്നിവയിലോ ഏതെങ്കിലും അനുബന്ധ വിഷയത്തിലോ 50 ശതമാനത്തിൽ കുറയാത്ത മാർക്കോടെ ബി.ടെക് വിജയിച്ചവരെയും പരിഗണിക്കും.

മഹാത്മാ ഗാന്ധി സർവകലാശാലയുടെ മുൻ വൈസ് ചാൻസലറും വിഖ്യാത പോളിമെർ ശാസ്ത്രജ്ഞനുമായ പ്രഫ. സാബു തോമസാണ് സ്കൂൾ ഓഫ് പോളിമെർ സയൻസ് ആൻറ് ടെക്നോളജിക്ക് തുടക്കം കുറിച്ചത്. അദ്ദേഹത്തിൻറെ മാർഗനിർദേശങ്ങൾക്കനുസരിച്ചാണ് കോഴ്സുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.

വരും നാളുകളിൽ ഏറെ സാധ്യതകളുള്ള പോളിമെർ സയൻസ് മേഖലയിൽ ഗവേഷകരായും സംരംഭകരായും തൊഴിൽ മേഖലയിലും മികവു തെളിയിക്കാൻ വിദ്യാർഥികളെ സജ്ജരാക്കാൻ ഈ കോഴ്സിന് കഴിയുമെന്ന് സ്കൂൾ ഓഫ് പോളിമെർ സയൻസ് ആൻറ് ടെക്നോളജി ഡയറക്ടർ ഡോ.എം.എസ്. ശ്രീകല പറഞ്ഞു.

ഒരു വർഷത്തെ പി.ജി. ഡിപ്ലോമ കോഴ്സുകളും ഈ കേന്ദ്രത്തിൽ നടത്തുന്നുണ്ട്. ലാറ്റെക്സ് ടെക്നോളജി, ഡ്രൈ റബർ ടെക്നോളജി, പ്ലാസ്റ്റിക് ടെക്നോളജി, മോളിക്കുലാർ സിമുലേഷൻ ഓഫ് പോളിമെറിക് മെറ്റീരിയൽസ് ആൻറ് ഇറ്റ്സ് ആപ്ലിക്കേഷൻസ്, പോളിമേഴ്സ് ഫോർ ഇലക്ട്രോണിക് ആൻറ് ഫോട്ടോണിക് ആപ്ലിക്കേഷൻസ് എന്നിവയാണ് മേഖലകൾ. അൻപതു ശതമാനം മാർക്കോടെ ഏതെങ്കിലും വിഷയത്തിൽ ബിരുദമുള്ളവർക്ക് അപേക്ഷിക്കാം.

പോളിമേഴ്സ് ഇൻ വേസ്റ്റ് വാട്ടർ മാനേജ്മെൻറ് ആൻറ് വാട്ടർ ക്വാളിറ്റി മോണിട്ടറിംഗ് ടെക്നിക്സ്, ലാറ്റക്സ് ടെക്നോളജി-പ്രോസസിംഗ് ആൻറ് ആപ്ലിക്കേഷൻ എന്നീ ആറു മാസ സർട്ടിഫിക്കറ്റ് കോഴ്സുകൾക്ക് പ്ലസ് ടൂ വിജയിച്ചവർക്ക് അപേക്ഷിക്കാം.

ഫോൺ: 9497812510, 8075696733, 9400552374, 9446866088. ഇ-മെയിൽ: spst@mgu.ac.in

(പി.ആർ.ഒ/39/751/2023)

## ബിരുദ ഏകജാലകം; കമ്യൂണിറ്റി മെരിറ്റ് ക്വാട്ടയുടെ മൂന്നാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളജുകളിലേക്കുള്ള ബിരുദ ഏകജാലക പ്രവേശനത്തിൻറെ കമ്യൂണിറ്റി മെരിറ്റ് ക്വാട്ടയുടെ മൂന്നാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു.

മൂന്നാം അലോട്ട്മെൻറ് ലഭിച്ചവരും ഒന്നും രണ്ടും അലോട്ട്മെൻറുകളിൽ താത്കാലിക പ്രവേശനമെടുത്തവരും ജൂലൈ ഏഴിന് വൈകുന്നേരം നാലിന് മുൻപ് കോളജിലെത്തി പ്രവേശനമെടുക്കണം.

(പി.ആർ.ഒ/39/752/2023)

## ബിരുദാനന്തര ബിരുദ ഏകജാലകം; പ്രവേശനം ഓൺലൈനിൽ ഉറപ്പാക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലേക്കുള്ള ബിരുദാനന്തര ബിരുദ ഏകജാലക പ്രവേശനത്തിൻറെ രണ്ടാം അലോട്ട്മെൻറിൽ സ്ഥിര, താത്കാലിക പ്രവേശനങ്ങൾ ഓൺലൈനിൽ ഉറപ്പാക്കാം.

നിലവിലെ പ്രതികൂല കാലാവസ്ഥ കണക്കിലെടുത്താണ് ഈ ക്രമീകരണം. ഇന്ന്(ജൂലൈ ആറ്) വൈകുന്നരേം നാലു വരെ പ്രവേശനമെടുക്കാം.

(പി.ആർ.ഒ/39/753/2023)

## താത്കാലിക അധ്യാപക നിയമനം; വാക്ക്-ഇൻ ഇന്റർവ്യു ജൂലൈ 10 മുതൽ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ മൂന്ന് ഇന്റർ സ്കൂൾ സെന്ററുകളിൽ വിവിധ വിഷയങ്ങളിൽ കരാർ അടിസ്ഥാനത്തിൽ അധ്യാപക നിയമനത്തിനുള്ള വാക്ക് ഇൻ ഇന്റർവ്യൂ ജൂലൈ 10 മുതൽ 14 വരെ വൈസ് ചാൻസലറുടെ കോൺഫറൻസ് ഹാളിൽ നടക്കും.

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആന്റ് റിസർച്ച് ഇൻ ബേസിക് സയൻസസ്, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൾട്ടി ഡിസിപ്ലിനറി പ്രോഗ്രാംസ് ഇൻ സോഷ്യൽ സയൻസസ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസ് ടെക്നോളജി എന്നിവിടങ്ങളിലേക്കാണ് ഒരു വർഷത്തേക്ക് 23 തസ്തികകളിൽ കരാർ നിയമനം നടത്തുന്നത്. വാർഷിക വിലയിരുത്തൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സേവനം രണ്ടു വർഷം കൂടി ദീർഘിപ്പിക്കുന്നത് പരിഗണിക്കും.

പ്രായപരിധി 2023 ജനുവരി ഒന്നിന് 50 വയസ് കവിയരുത്. കോളജുകളിൽനിന്നും സർവകലാശാലകളിൽനിന്നും വിരമിച്ച, 2023 ജനുവരി ഒന്നിന് 70 കവിയാത്ത അധ്യാപകരെയും പരിഗണിക്കും

യു.ജി.സി നിഷ്കർഷിക്കുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം. ജെ.ആർ.എഫ്/ പി.എച്ച്.ഡി, പേപ്പർ പബ്ലിക്കേഷനുകൾ, പ്രസേന്റേഷനുകൾ അധ്യാപന പരിചയം എന്നിവ അഭികാമ്യം.

യു.ജി.സി യോഗ്യതയുള്ളവരുടെ അഭാവത്തിൽ ബന്ധപ്പെട്ട വിഷയത്തിൽ 55 ശതമാനം മാർക്കോടെ(എസ്.സി, എസ്.ടി വിഭാഗക്കാർക്ക് 50 ശതമാനം) ബിരുദാനന്തര ബിരുദമുള്ളവരെ പരിഗണിക്കും.

യു.ജി.സി യോഗ്യതയുള്ളവർക്ക് പ്രതിദിനം 1750 രൂപയും പ്രതിമാസം പരമാവധി 43750 രൂപയുമാണ് പ്രതിഫലം. യു.ജി.സി യോഗ്യതയുള്ളവരുടെ അഭാവത്തിൽ മറ്റുള്ളവരെയും പരിഗണിക്കും. ഈ വിഭാഗത്തിലുള്ളവർക്ക് പ്രതിദിനം 1600 രൂപയും പ്രതിമാസം പരമാവധി 40000 രൂപയുമായിരിക്കും പ്രതിഫലം.

ഇന്റർവ്യു തീയതി ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/754/2023)

## സർവകലാശാലാ യൂണിൻ ജനറൽ കൗൺസിൽ പുനഃസംഘടിപ്പിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലാ യൂണിയൻ ജനറൽ കൗൺസിൽ (2022-2023) പുനഃസംഘടിപ്പിച്ചു. ജനറൽ കൗൺസിൽ അംഗങ്ങളുടെ പേരുവിവരങ്ങൾ അടങ്ങിയ പ്രാഥമിക വോട്ടർ പട്ടിക ഓഗസ്റ്റ് ഒന്നിന് സർവകലാശാലാ വെബ്സൈറ്റിൽ

പ്രസിദ്ധീകരിക്കും. കൗൺസിലർമാരുടെ നിർദ്ദിഷ്ട പ്രൊഫോർമകൾ ഇതുവരെ സമർപ്പിക്കാത്ത കോളജുകൾ ഉടൻ സർവകലാശാലാ ഇലക്ഷൻ വിഭാഗത്തിൽ സമർപ്പിക്കണം.

(പി.ആർ.ഒ/39/755/2023)

## പരീക്ഷാ തീയതി

അഫിലിയേറ്റഡ് കോളജുകളിലെ രണ്ടാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.എ എൽ.എൽ.ബി, ബി.കോം എൽ.എൽ.ബി, ബി.ബി.എ എൽ.എൽ.ബി കോഴ്സുകളുടെ പരീക്ഷകൾ ജൂലൈ 19 ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/756/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ജൂലൈ 26 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.ആർക്ക്(2018 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2011 മുതൽ 2017 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾക്ക് ജൂലൈ 18 വരെ പിഴയില്ലാതെ ഫീസ് അടച്ച് അപേക്ഷിക്കാം.

ജൂലൈ 19ന് പിഴയോടു കൂടിയും ജൂലൈ 20ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. ഒരു പേപ്പറിന് 65 രൂനിരക്കിൽ(പരമാവധി 270 രൂപ) സി.വി ക്യാമ്പ് ഫീസ് പരീക്ഷാ ഫീസിനൊപ്പം അടയ്ക്കണം.

(പി.ആർ.ഒ/39/757/2023)

## വൈവ വോസി

നാലാം സെമസ്റ്റർ എം.കോം പ്രൈവറ്റ് രജിസ്ട്രേഷൻ - മെയ് 2023 (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി)പരീക്ഷയുടെ വൈവ വോസി പരീക്ഷ ജൂലൈ 10 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

..............................

നാലാം സെമസ്റ്റർ എം.എ മലയാളം - മെയ് 2023 പരീക്ഷയുടെ(പ്രൈവറ്റ് രജിസ്ട്രേഷൻ - 2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി) വൈവ വോസി പരീക്ഷ ജൂലൈ 13,14 തീയതികളിൽ മഹാത്മാ ഗാന്ധി സർവകലാശാലാ സിൽവർ ജൂബിലി പരീക്ഷാ ഭവനിലെ റൂം നമ്പർ 201 ൽ(ഫസ്റ്റ് ഫ്ളോർ) നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/758/2023)

## പ്രാക്ടിക്കൽ

2023 മെയ് മാസം വിജ്ഞാപനം പുറപ്പെടുവിച്ച നാലാം സെമസ്റ്റർ ബി.വോക് അനിമേഷൻ ആൻറ് ഗ്രാഫിക് ഡിസൈൻ(2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018,2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ് - പുതിയ സ്കീം) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 10ന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

............................

മൂന്നാം സെമസ്റ്റർ എം.എസ്.സി ബയോമെഡിക്കൽ ഇൻസ്ട്രുമെൻറേഷൻ - ജൂൺ 2023 (2021 അഡ്മിഷൻ റഗുലർ, 2018-2020 അഡ്മിഷനുകൾ സപ്ലിമെൻററി, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്)പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജൂലൈ 15ന് നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/759/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**